## പതിനാലാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4994** **14.11.2019 -ൽ മറുപടിയ്ക്ക്**

## ഗൃഹശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച് ഭവന നിർമ്മാണ ബോർഡ് മുഖേന വിജയകരമായി നടപ്പിലാക്കി വന്നതും രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡിയും ഒരു ലക്ഷം രൂപ വീതം ഉപഭോക്താവിന്റേയും സ്പോൺസറുടെയും വിഹിതവും ചേർത്ത് നാല് ലക്ഷം രൂപ ചെലവു വരുന്ന വീടുകൾ നിർമ്മിക്കുന്നതും തിരിച്ചടവ് ഇല്ലാത്തതുമായ ഗൃഹശ്രീ പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) ഗൃഹശ്രീ പദ്ധതി പ്രകാരം 2013 മുതൽ 2018 വരെ ബജറ്റ് ഫണ്ട് ലഭിച്ചതനുസരിച്ച് നാളിതുവരെയായി 3054 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതും 169 വീടുകളുടെ നിർമ്മാണം ഘട്ടം ഘട്ടമായി പൂർത്തീകരിച്ചു വരുന്നതുമാണ്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിനായി എത്ര അപേക്ഷകൾ നിലവിലുണ്ട് ; 2019-20 കാലയളവിൽ ഈ പദ്ധതിയുടെ സബ്സിഡിക്കായി എന്ത് തുകയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) ഗൃഹശ്രീ പദ്ധതി പ്രകാരം 2017-2020 വരെ സ്പോൺസർമാരിൽ നിന്നും (വ്യക്തികൾ/ സംഘടന) 3800 വീടുകൾക്കുള്ള അപേക്ഷകൾ നിലവിലുണ്ട്. 2019-20 കാലയളവിൽ ഗൃഹശ്രീ പദ്ധതിയുടെ സബ്സിഡിയ്ക്കായി ബജറ്റിൽ 3236 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) പദ്ധതിയുടെ സബ്സിഡി തുക നാല് ലക്ഷം രൂപയായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ